(ബി) എവിടെയെല്ലാം ഏതേതു കൊല്ലത്തിൽ അനുവദിച്ച സ്കീമുകളാണ് പണി ചെയ്യാതെ കിടക്കുന്നതു്;

(സി) ഈ സ്കീമുകൾ നടപ്പാകാതിരിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം?

തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): (എ), (ബി) 1952-ൽ മന്നാംകണ്ടത്തിൽ അനുവദിച്ച സ്കീം മാത്രമാണ് ഇതുവരെ പണി ചെയ്യാതെ കിടക്കുന്നതു്.

(സി) ഇതിനുള്ള പ്രധാന കാരണം ശരിയായ കൺട്രാക്ടർമാരെ ലഭിക്കായ്കയാണ്.

കൈക്കൂലിക്കുറ്റം.

* 500. [36] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഉള്ളൂർ മെഡിക്കൽകോളേജ് ആശുപത്രിയിലെ എക്സ്-റെ ചാർജ്ജു് വഹിക്കുന്ന ഡാക്ടരുടെ പേരിലും അദ്ദേഹത്തിന്റെ അസിസ്റ്റന്റിന്റെ പേരിലും കൈക്കൂലിക്കുറ്റം ആരോപിച്ചുകൊണ്ടു് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) തുടർന്നു് അതിന്മേൽ എന്തു നടപടിയാണു് ഗവണ്മെന്റു് സ്വീകരിച്ചിട്ടുള്ളതെന്നു പറയാൻ ദയവുണ്ടാകുമോ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. എ. എ. റഹിം): (എ) കൈക്കൂലിക്കുറ്റം ആരോപിച്ചു കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. മെഡിക്കൽകോളേജിലെ ആശുപത്രിയിലെ സ്പെഷ്യലിസ്റ്റ് ഡാക്ടർ പി. ടി. ചാക്കോയുടേയും, റേഡിയോഗ്രാഫർ ശ്രീ. കൃഷ്ണൻപണ്ടാലയുടേയും പേരിൽ കൈക്കൂലിക്കുറ്റം ആരോപിച്ചു് ഒരു പരാതി ലഭിച്ചിട്ടുണ്ടു്.

(ബി) പരാതിയിന്മേൽ ഡിപ്പാർട്ടുമെന്റലായി അന്വേഷണം നടത്തി ആരോപണം ശരിയാണെന്നു തെളിയുകയാൽ ഇരുപേരെയും രണ്ടു മാസം വീതം സസ്പെൻഡ് ചെയ്തു.

സഹകരണ സംഘങ്ങൾ.

* 501. [37] ശ്രീ. പി. കെ. കുഞ്ഞച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954-55 ൽ ഡ്യൂറ വർഷത്തിൽ സംസ്ഥാനത്തു് എത്ര കോവാപ്പറേറ്റീവ് സൊസൈറ്റികൾ ഉണ്ടായിരുന്നു;

(ബി) അവയിൽ എത്രയെണ്ണം ഇപ്പോഴും പ്രവർത്തിക്കുന്നു; എത്രയെണ്ണം പ്രവർത്തനരഹിതമായി;

(സി) പ്രവർത്തനരഹിതമായതു് എവിടെയൊക്കെയാണ്; ഏതൊക്കെ സൊസൈറ്റികളാണു്;

LIBRARY ARCHIVES Kerala Legislative Assembly